"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരഫെഡിൽ ഫാക്ടറി അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. അരുൺ. ആർ, ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) 448/2024 നമ്പർ കേസിന്റെ 02/07/2024-ലെ ബഹു.കോടതി വിധിന്യായം പ്രകാരം കേരഫെഡിലെ "ഫാക്ടറി അറ്റൻഡന്റ്" തസ്തികയ്ക്ക് ശമ്പള സ്കെയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1001/2024/AGRI തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-

1 സ.ഉ (കൈ) നം.67/2023/AGRI തീയതി 24/07/2023

2. ശ്രീ. അരുൺ. ആർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) N0.22128/2023 കേസിന്റെ 20/09/2023 തീയതിയിലെ വിധിന്യായം.

3. 30/10/2023-ലെ സ.ഉ.(സാധാ) നം.1049/2023/AGRI

4. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 07/03/2024-ലെ കെ.എഫ.ഡി/75/2024-എഡിഎം3 നമ്പർ ഉത്തരവ്

5. ശ്രീ. അരുൺ. ആർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 448/2024 കേസിന്റെ 02/07/2024 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

കേരഫെഡിൽ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വർക്കർ തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ ആർ., തസ്തിക മാറ്റം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച ഡബ്ല്യൂ.പി(സി) 22128/2023 നമ്പർ കേസിലെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ഫാക്ടറി അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്ന വിഷയത്തിൽ ടിയാന്റെ യോഗ്യതകൾ പരിശോധിച്ചും നടപടിക്രമങ്ങൾ പാലിച്ചും റിക്രൂട്ട്മെന്റ് ചട്ടത്തിനു വിധേയമായി പൂർണമായും കേരഫെഡിന്റെ അംഗീകൃത നിയമനച്ചട്ടം പാലിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് കേരഫെഡ് ഭരണസമിതി നിശ്ചയിക്കുന്ന കമ്മിറ്റിയ്ക്ക് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

ഫാക്ടറി അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ സർക്കാരിൽ നിന്നും അനുവദിച്ചു തരുന്ന മുറയ്ക്ക് ശ്രീ.അരുൺ.ആർ-ന്റെ അപേക്ഷ പരിഗണിയ്ക്കുന്നതാണെന്ന് കേരഫെഡ് മാനേജിംഗ് ഡയറക്ടർ ടിയാനെ അറിയിക്കുകയുണ്ടായി. എന്നാൽ ആയതിനെ ചോദ്യം ചെയ്തു ശ്രീ.അരുൺ ആർ ബഹു.ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി(സി) 448/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും, ആയത് പ്രകാരം തസ്തികമാറ്റം അനുവദിയ്ക്കുന്ന വിഷയം പരിഗണിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും, സർക്കാരിൽ നിന്നും ഫാക്ടറി അറ്റൻഡന്റ് തസ്തികയ്ക്ക് ശമ്പള സ്കെയിൽ അനുവദിച്ചുവരുന്നതുവരെ നിലവിൽ നല്കി വരുന്ന വർക്കർ തസ്തികയുടെ ശമ്പള സ്കെയിലായ 16500-35700 ശമ്പള സ്കെയിലിൽ ഫാക്ടറി അറ്റൻഡന്റായി ശ്രീ. ശ്രീ.അരുൺ.ആർ -ന് നിയമനം നൽകണമെന്ന ടി കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരഫെഡ് മാനേജിംഗ് ഡയറക്ടർ അപ്രകാരം പരാമർശം (4) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് കേരഫെഡിലെ ഫാക്ടറി അറ്റൻഡന്റ് തസ്തികയ്ക്ക് ശമ്പള സ്കെയിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (5) വിധിന്യായം പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരഫെഡിലെ ഫാക്ടറി അറ്റൻഡന്റ് തസ്തികയ്ക്ക്, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ പ്യൂൺ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള 23000-50200 എന്ന ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ട് ഉത്തരവായും, അപ്രകാരം പരാമർശം (5) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം )
2. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
3.ശ്രീ. അരുൺ. ആർ, ഫാക്ടറി അറ്റൻഡന്റ്, കേരഫെഡ്, കരുനാഗപള്ളി
4. കേരഫെഡ് ഭരണ സമിതി അംഗങ്ങൾ ( മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ( എ& ഇ) കേരള
6. വെബ് & ന്യൂ മീഡിയ ഐ & പി. ആർ വകുപ്പ്
7.സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Premchand C P

Date: 24-10-2024 11:12:40

സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്